
സമഗ്രം
സമഗ്രം
ഇരിങ്ങത്ത് യു. പി. സ്കൂൾ മാസ്റ്റർ പ്ലാൻ
2025-26

IRINGATH UP SCHOOL

# ഇരിങ്ങത്ത് യു .പി സ്കൂൾ

ഇരിങ്ങത്ത് പോസ്റ്റ്
ഫോൺ - 0496 2679501

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 16560 |
| വിദ്യാഭ്യാസ ഉപജില്ല | : | മേലടി |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | മേലടി |
| സി.ആർ.സി | : | തുറയൂർ |
| ഗ്രാമപഞ്ചായത്ത് | : | തുറയൂർ |
| വാർഡ് | : | 5 |
| ബ്ലോക്ക് പഞ്ചായത്ത് | : | മേലടി |
| ജില്ല പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | പേരാമ്പ്ര |
| ലോകസഭാ മണ്ഡലം | : | വടകര |
| വില്ലേജ് | : | തുറയൂർ |
| താലൂക്ക് | : | കൊയിലാണ്ടി |
| Email | : | iringathups@yahoo.com |

## ഉള്ളടക്കം

ആമുഖം

വിദ്യാലയ ചരിത്രം

പൊതുലക്ഷ്യങ്ങൾ

അധ്യയന പരിശീലന വിലയിരുത്തലുകൾ

വിഷയങ്ങൾ

എൽ.പി ക്ലാസ് തലം

യു.പി മലയാളം

ഇംഗ്ലീഷ്

കണക്ക്

സോഷ്യൽ സയൻസ്

സയൻസ്

ഹിന്ദി

സംസ്കൃതം

അറബി

ഉറുദു

കായികം

പ്രവർത്തി പരിചയം

ആരോഗ്യം, ശുചിത്വം

അക്കാദമികേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പു വരുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടിത്തിന് അനുസൃതമായി ഉയർന്നതലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്നതും ഈ ഒരു ആശയമാണ്. അതിന്റെ ഭാഗമായി അക്കാദമിക ആസൂത്രണം നടത്തി ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുകയാണ് ഉദ്ദേശ്യം.

സമൂഹം വിദ്യാലയത്തിൽ നിന്നും എന്ത് പ്രതീക്ഷിക്കുന്നുവോ അത് നൽകാൻ ഞങ്ങളുടെ വിദ്യാലയവും ബാദ്ധ്യസ്ഥമാണ്. സമഗ്ര ശിക്ഷാ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ആയ വിദ്യാഭ്യാസത്തിലെ സമഗ്രത, സമത്വം, ഉൾചേരുന്ന മാതൃക, വിവരശക്തിയായ അധ്യാപനം എന്നിവയെ ആധാരമാക്കി കുട്ടികളുടെ പഠനാവശ്യകതകൾ തിരിച്ചറിയുകയും അവയിലേക്ക് അധ്യാപന നടപടി ക്രമീകരിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തി ഓരോ കുട്ടിയുടെയും വ്യക്തിഗതവും വേറിട്ടതുമായ ആവശ്യങ്ങൾ കണക്കിലെടുത്ത് പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നിരന്തരമായ ഇടപെടലുകളിലൂടെ വിദ്യാർത്ഥികളുടെ സമഗ്ര വിജ്ഞാന വികസനത്തിനും സാമൂഹികമായ ഉന്നമനത്തിനും ദിശ നൽകുകയാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം.

ഇരിങ്ങത്ത് യു. പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026
# വിദ്യാലയ ചരിത്രം

തുറയൂർ ഗ്രാമപഞ്ചായത്ത് 5ാംവാർഡിൽ പയ്യോളിയിൽ നിന്ന് 8 കി. മീ കിഴക്ക് മാറി പയ്യോളി പേരാമ്പ്ര റോഡിനോട് ചേർന്ന് ഇരിങ്ങത്ത് എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ഭൂദാനപ്രസ്ഥാനനായകൻ ശ്രീ.വിനോബഭാവെ,കേരളഗാന്ധി ശ്രീ. കെ.കേളപ്പൻ എന്നീ മഹാരഥന്മാരുടെ പാദസ്പർശനമേറ്റ് പുണ്യം ചെയ്ത ഇരിങ്ങത്ത് ദേശത്തെ ഏറ്റവും പഴക്കമുള്ള വിദ്യാലയമാണിത്. ചോയിക്കണ്ടി ചോയിഗുരുക്കൾ എന്ന ആൾ കുടിപ്പള്ളിക്കൂടമായി തുടങ്ങിയതാണ് ഇപ്പോൾ ഇരിങ്ങത്ത് യു. പി സ്കൂൾ എന്നറിയപ്പെടുന്ന ഈ സ്ഥാപനം ഏകദേശം 1922 ലാണ് ആരംഭിച്ചതെന്ന് കരുതപ്പെടുന്നു.

വടകര വിദ്യാഭ്യാസ ജില്ലയിലെ മേലടി ഉപജില്ലയിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. നിലവിൽ 272 കുട്ടികൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. വിദ്യാലയത്തോട് അനുബന്ധിച്ച് നഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

കുട്ടികളുടെ എണ്ണം

| | | |
|---|---|---|
| 1 | 9+6 | 15 |
| 2 | 8+9 | 17 |
| 3 | 3+9 | 12 |
| 4 | 5+7 | 12 |
| 5 | 41+28 | 69 |
| 6 | 40+35 | 75 |
| 7 | 38+24 | 72 |
| | ആകെ | 272 |

അധ്യാപകരുടെ എണ്ണം

പ്രധാനധ്യാപകൻ ................................ 1
സഹാധ്യാപകർ ................................... 14
അറബിക് ............................................... 2
ഉറുദു ..................................................... 1
സംസ്കൃതം ........................................ 1
പി.ഇ.ടി .................................................. 1
ക്രാഫ്റ്റ് .................................................... 1
ശിപായി ................................................. 1

# പൊതുലക്ഷ്യങ്ങൾ

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ തുല്യമായ പഠന രീതികൾ നടപ്പിലാക്കിക്കൊണ്ട് ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമാക്കി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, പാഠപുസ്തകങ്ങൾക്കപ്പുറത്ത് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, നിരന്തര മൂല്യ നിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക, പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനം ക്ലാസ് റൂമിൽ നടത്തുക തുടങ്ങിയ ആശങ്ങളിൽ ഊന്നി നിന്നുകൊണ്ട് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്.

1. 1മുതൽ 7വരെ ക്ലാസുകളിൽ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സബ്ജില്ലാ ജില്ലാതലങ്ങളിൽ പങ്കെടുപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയരായ പൗരന്മാരാക്കി വളർത്തുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
4. ഉന്നത ഗുണനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ ആധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
5. പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത സ്കൂൾ അനതരീക്ഷം സൃഷ്ടിക്കുക.
6. തൊഴിൽ നൈപുണി വികസിപ്പിക്കുന്ന വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
7. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.

8. പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതീക സൗകര്യങ്ങൾ ലഭ്യമാക്കുക.
9. എല്ലാ കുട്ടികളെയും അവരുടെ ബുദ്ധിപരമായ നിലവാരത്തിൽ നിന്നും ഒരു പടി ഉയർത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
10. സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തുക.

# പതിവ് അധ്യയന - പരിശീലന വിലയിരുത്തലുകൾ

2025 – 26 അധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ നിലവിലെ പഠന നിലവാരം മനസ്സിലാക്കുന്നതിനായി ക്ലാസ് 2 മുതൽ 7 വരെയുള്ള എല്ലാ കുട്ടികളിലും അടിസ്ഥാന അധ്യയന പരിശോധനകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ഡയറ്റ്, സമഗ്ര, SCERT തുടങ്ങിയ സ്ഥാപനങ്ങൾ തയ്യാറാക്കിയ നിർദ്ദേശങ്ങളും രൂപരേഖകളും അടിസ്ഥാനമാക്കി ചോദ്യപേപ്പറുകൾ തയ്യാറാക്കി ക്ലാസുകളിൽ പരീക്ഷ നടത്തി .

പരിശോധനാ വിവരങ്ങൾ അടിസ്ഥാനമാക്കി കുട്ടികളെ മൂന്ന് ഗ്രൂപ്പുകളാക്കി തിരിച്ചു.

A group - അധ്യയന മികവിൽ ഉള്ളവർ
B group - ശരാശരി നിലവാരത്തിൽ ഉള്ളവർ
C group - അതിൽ താഴെ ഉള്ളവർ

ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

C groupകുട്ടികൾക്ക് ഒഴിവ് പിരിയഡുകളിലും സമയങ്ങളിലും പ്രത്യേക ശ്രദ്ധ കൊടുത്ത് പ്രവർത്തനങ്ങൾ ചെയ്യിക്കാൻ തീരുമാനിച്ചു. ഓരോ ക്ലാസിലും റെമെഡിയൻ പാഠ്യക്രമം രൂപീകരിച്ചു. ക്ലാസ് തല പി.ടി.എ കളിൽ പഠന തന്ത്രങ്ങളും വിദ്യാർത്ഥികളുടെ പുരോഗതിയും പങ്കുവെച്ചു.

കുട്ടികളുടെ പുരോഗതി മാസത്തിൽ അവലോകനം നടത്തും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 1

## മലയാളം

കോഴിക്കോട് ജില്ലയിലെ മേലടി ഉപജില്ലയിലെ ഇരിങ്ങത്ത് യു. പി.സ്കൂളിലെ ഒന്നാം ക്ലാസ് കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇത്. ക്ലാസിൽ ആകെയുള്ള 15 കുട്ടികളിൽ 14 കുട്ടികൾ പ്രീപ്രൈമറിയിൽ പോയ കുട്ടികളും ഒരു കുട്ടി പ്രീപ്രൈമറിയൽ പോയി ട്ടില്ലാത്തതും ആണ്.

ഒന്നാം ക്ലാസിലേക്ക് കടന്നുവന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പറഞ്ഞ് എഴു തിയും പങ്കിടാൻ കഴിവുള്ളവരാക്കുക. സ്വതന്ത്ര രചന നടത്താൻ കഴി വുള്ളവരാക്കുക എന്നതാണ് ഞാൻ മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ. ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറ പ്പാക്കേണ്ടാതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി എന്റെ ക്ലാസിലെ കുട്ടികളിൽ പ്രക ടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3 | വായനോത്സവം | ജൂൺ - മാർച്ച് |
| 4 | കഥോത്സവം | ഡിസംബർ - മാർച്ച് |
| 5 | നിർമ്മാണ ശില്പശാല | ആഗസ്ത് |
| 6 | രചനോത്സവം | ജനുവരി - മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ - മാർച്ച് |

### പാട്ടരങ്ങ് ജൂൺ - മാർച്ച്

ഉപലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിൽ പഠന താത്പര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തുന്നതിനും അവ ചെറുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന പ്രവർത്തനമാണ്.

## പ്രവർത്തന ഘട്ടങ്ങൾ

1. പാട്ടരങ്ങുകൾ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീര ചലന ങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.
2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാന ങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപ്പെടുത്തിയ മാന ദണ്ഢങ്ങൾ പ്രകാരം ഭാവാത്കമായി അവതരിപ്പിക്കുന്നു.
3. ചൊല്ലി കേൾക്കുന്ന പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
4. പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടികൊടുക്കുന്നു.
5. പാഠ പുസ്തകത്തിലെ വരികളും വായ്ക്കാരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
6. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവ് നേടുന്നു.
7. പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾ ക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയേടത്തു നിന്ന് തുടങ്ങുക യും അവർക്ക് തുടരാൻ പാകമായ ഇടത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

## സംയുക്ത ഡയറി

2023 – 24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസി ൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷി താക്കളും ഈ പരിപാടി തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കാളാക്കാൻ സംയുക്ത ഡയറി എഴുത്ത് സഹായകമാണ്.

കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാ സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗി ക്കാൻ അവസരം നൽകുക.
കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
ആശയാവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതി യിൽ സംയുക്ത ഡയറി എഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

## പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പിടിഎ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ.
- അച്ചടിച്ച ഡയറി കാണുവാൻ അവസരം നൽകൽ.
- ഡയറി എഴുത്ത് മൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാ ക്കൽ.
- കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സി ലാക്കൽ.
- സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ.
- സംയുക്ത ഡയറിയുടെ പ്രക്രിയ സംബന്ധിച്ച് ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ.
- എല്ലാം ദിവസവും ടീച്ചർ ഡയറി പരിശോധിക്കൽ.
- സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരിത്തലുകളും നടത്തുക. ഡയറിയിൽ ഗുണാത്മക കുറിപ്പുകൾ എഴുതൽ.

- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പുകൾ പങ്കിടൽ
- വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ
- ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണാന്തരീക്ഷം കുറവുള്ള കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറിയെങ്കിലും ഉറപ്പാക്കൽ.
- സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്.
- ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് പോളിയോ ആയി സൂക്ഷിക്കുന്നു.
- ഡയറിയുടെ പ്രകാശനം
- ക്ലാസ് പിടിഎ യിൽ തീരുമാനിക്കൽ
- ഓരോ കുട്ടിയുടെയും ഡയറിയിൽ നിന്ന് അച്ചടിക്കേണ്ട ഇനം തെരെഞ്ഞെടുക്കൽ.

## വായനോത്സവം

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരായി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പൊതുലക്ഷ്യം.

- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക.
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
- വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണ ശേഷി വികസിപ്പിക്കുക.
- ആശയ ഗ്രഹണ വായന, ആസ്വാദ്യ വായന എന്നിവ പ്രോത്സാഹി പ്പിക്കുക.
- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കി ടുക.

### പ്രവർത്തന ഘട്ടങ്ങൾ

#### ജൂൺ

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ, (ഒന്നാം ക്ലാസുകാരുടെ നിലവാര ത്തിന് യോജിച്ചവ. ചിത്രങ്ങൾ കൂടുതലും എഴുത്ത് കുറവുള്ളതും തെരെഞ്ഞെടുക്കുക.)
- ക്ലാസ് പിടിഎ കൂടുന്നു.

#### ജൂലൈ

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.
- പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.(ആശയ തുടർച്ച വേണ്ട)

- വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു.പേര് എഴുതുന്നു.

ആഗസ്ത് - നവംബർ

- കഥാപുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി ഊഹിച്ച് കഥ പറയുന്നു.
- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാ സന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
- അമ്മ ഓരോ പേജായി ചിത്ര സൂചകങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരലോടിച്ച് വായിക്കുന്നു. കുട്ടി കഥ കേൾക്കുന്നു.
- രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.
- ആശയ ചോർച്ചയില്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു. ആശയ ചോർച്ച ഉണ്ടാവാതിരിക്കാൻ അമ്മ കുട്ടി പറഞ്ഞതിനുശേഷം ഇടപെടണം.
- ക്ലാസ് പിടിഎ യിൽ കഥ അവതരണം.

ഡിസംബർ - ജനുവരി

- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
- രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി തന്നെ വായിച്ചു പറയുന്നു.
- ക്ലാസ് പിടിഎ യിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.
- പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കൽ.

മാർച്ച്

- കഥോത്സവം (വായനയുടെ മൂന്നാം ഘട്ടം)

- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം.
- ക്ലാസ് പിടിഎ യിൽ പുസ്തക വായന, പുസ്തകാവതരണം എന്നിവ നടത്തുന്നു.

ഏപ്രിൽ - മെയ്

- വായനയ്ക്ക് അവധിയില്ല എന്നതിലൂടെ കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു.
- വീഡിയോ പങ്കിടൽ
- പുസ്തകത്തെ പരിചയപ്പെടുത്തൽ
- വായിച്ച കഥയിലെ ഉള്ളടക്കം ചിത്രകഥാ രൂപത്തിലാക്കൽ
- രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമെഴുതൽ.
- സംയുക്ത വായന രക്ഷിതാവ് കുറച്ച് ഭാഗം, കുട്ടി കുറച്ചുഭാഗം എന്നിങ്ങനെ ഇടവിട്ട് വായിക്കൽ.
- വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരണം.
- കഥയിലെ കഥാപാത്രത്തെ ഇഷ്ടപ്പെടാനുണ്ടായ കാരണം ഗ്രൂപ്പിൽ അവതരിപ്പിക്കൽ.
- സ്വന്തമായ ബാലസാഹിത്യ കൃതികൾ രചിച്ചു പ്രകാശിപ്പിക്കൽ. (ടീച്ചറുടെ സഹായത്തോടെ)

നിർമ്മാണ ശില്പശാല

പ്രവൃത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റിന്റെ പാഠത്തോടനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

- പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
- പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
- കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പിടിഎ യിൽ കളിപ്പാട്ട നിർമ്മാണ ശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
- നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ.
- നിർമ്മാണത്തിൽ വൈദഗ്ദ്യമുള്ളവരെ കണ്ടെത്തൽ.
- നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹാരണത്തിന് ചുമതലപ്പെടുത്തൽ.
- രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
- എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം.
- മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃക നോക്കി ഉണ്ടാക്കുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കുന്നു.
- നിർമ്മാണ ശില്പശാല തിയ്യതി തീരുമാനിക്കൽ
- ഉദ്ഘാടന ചടങ്ങ്
- പ്രചരണം(പോസ്റ്റർ, നവ മാധ്യമങ്ങളിൽ കുറിപ്പ്)
- നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം സംഘടിപ്പിക്കൽ.
- കളിപ്പാട്ട നിർമ്മാണ ശില്പശാല സംയുക്ത ഡയറിയിലെ ഉള്ളടക്കമാകണം.

## റീഡേഴ്സ് തിയറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവരമാണ് റീഡേഴ്സ് തിയറ്റ് ഒരുക്കുന്നത്. സഹവർത്തിത വായന ചുമതലകൾ വിഭജിച്ചെടുത്തതും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താത്പര്യം കൂട്ടുന്നതിന്.

## പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പിടിഎ യിൽ ചർച്ച ചെയ്യുക.
- റീഡേഴ്സ് തിയറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം
- ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി (സ്ക്രിപ്റ്റ് പങ്കാളിത്ത രചനയിലൂടെ രൂപപ്പെടുത്തുക)
- കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തെരെഞ്ഞെടുക്കൽ.
- ഓരോരുത്തരും കഥാപാത്രങ്ങളെ തെരെഞ്ഞെടുക്കൽ.
- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ (അത് എഴുതി തയ്യാറാക്കാം. കഥയിലുള്ളത് അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ)
- ആരാണ് അവതാരകൻ എന്ന് തീരുമാനിക്കൽ.
- അവതാരകൻ പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ.
- റിഹേഴ്സൽ ചെയ്യൽ.
- വായിക്കേണ്ട ക്രമം തീരുമാനിക്കൽ.
- വേദിയിൽ അവതരണം.
- റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച് ധാരണ രൂപീകരിക്കൽ.

## രചനോത്സവം

ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് ആസ്വാദ്യമായ രചനാ പ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റു കുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും. മാത്രമല്ല സർഗ്ഗാതത്മക രചനകൾ വേഗത്തിൽ അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

- കുട്ടികൾക്ക് സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്.
- സ്വതന്ത്ര രചനക്ക് (ലഘുവാക്യങ്ങളിൽ ആശയ പ്രകാശനം) അവസരം ഒരുക്കുക.
- അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
- രചനകൾ സമൂഹവുമായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ

- രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല
- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരെഞ്ഞെടുക്കൽ.
- ചിത്രങ്ങൾ, ആ ചിത്ര സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.
- ഓരോ ആഴ്ചയിലും ഒന്നും വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ
- ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ
- കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം.
- രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കു വേണ്ടി രേഖപ്പെടുത്തുകയും ആണ് വേണ്ടത്.
- ചെറുവാക്യങ്ങളാക്കാൻ ശ്രദ്ധിക്കുക. സംയുക്ത രചനയുമാകാം. കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകൾ ആവശ്യമെങ്കിൽ തെളിവ് നൽകി എഡിറ്റിംഗ്.

## അച്ചടിച്ച രചനകൾ

- എല്ലാ കുട്ടികളുടെയും തെരെഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി
- ക്ലാസിനൊന്നാകെ കുഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കുന്നു.
- ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കുന്നു.
- അടുത്തുള്ള വായനശാലയ്ക്ക് പ്രസിദ്ധീകരിച്ചവ കൈമാറുന്നു.

## വിലയിരുത്തൽ

- സ്വയം വിലയിരുത്തൽ നടത്തൽ
- പരസ്പര വിലയിരുത്തൽ നടത്തൽ. നടത്തിയവ മെച്ചപ്പെടുത്തൽ.
- അധ്യാപികയുടെ വിലയിരുത്തൽ, പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കൽ.
- രക്ഷിതാക്കളുടെ വിലയിരുത്തൽ, കുട്ടിയുടെ പഠന മികവ് കണ്ടെത്തൽ.
- വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ, സ്കൂൾ പ്രവർത്തനങ്ങൾ മനസിലാക്കൽ.

## പ്രവർത്തന ഘട്ടങ്ങൾ

- സ്വയം വിലയിരുത്തൽ.
- കുട്ടികൾ തന്റെ എഴുത്ത്, വായന, ഉല്പ്പന്നം, പെരുമാറ്റം എന്നിവയുമായി സഹപാഠികളുടെയും ടീച്ചറുടെയും എഴുത്ത്, വായന ഉത്പ്പന്നം എന്നിവയുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തൽ.
- മുൻ അനുഭവ സന്ദർഭങ്ങളുമായും അപ്പോൾ ലഭിച്ച ഫീഡ് ബാക്കുമായും ബന്ധിപ്പിച്ച് വിലയിരുത്തൽ.
- താൻ ഉൾപ്പെടെയുള്ളവർ വികസിപ്പിച്ച ധാരണ പ്രകാരം സ്വന്തം
- പ്രവർത്തനം വിലയിരുത്തൽ.
- പരസ്പരം വിലയിരുത്തൽ.
- ഗ്രൂപ്പുകളുടെ അവതരണങ്ങൾ, ഉല്പ്പന്നങ്ങൾ എന്നിവ വിലയിരുത്തൽ മറ്റുള്ളവരുടെ ഉല്പ്പന്നങ്ങളിലെയും പ്രക്രിയകളിലെയും മികവ് കണ്ടെത്തലും മെച്ചപ്പെടാനുള്ള നിർദ്ദേശം നല്കലും.
- വിലയിരുത്തുന്നതിനായുള്ള സൂചകങ്ങൾ വകസിപ്പിക്കൽ, അധ്യാപകരുടെ വിലയിരുത്തൽ.
- ലേഖനത്തിന്റെയും വായനയുടെയും പ്രക്രിയക്കിടക്ക് നല്കുന്ന പിന്തുണയും മെച്ചപ്പെടുത്തലും.
- ഓരോ പ്രവർത്തനവും വിലയിരുത്തൽ.
- ക്ലാസിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ഗവേഷണാത്മക ഇടപെടൽ.

- മികവുകൾ ഡോക്യുമെന്റുകളാക്കൽ.
- കൃത്യമായ ഫീഡ് ബാക്ക് വാചികവും ലിഖിതവും നല്കൽ.
- വ്യക്തിഗത പിന്തുണ ആവശ്യമുള്ളവർക്ക് ലഭ്യമാക്കൽ.
- അനുരൂപീകരണ പ്രവർത്തനങ്ങൾ.
- പഠനലക്ഷ്യങ്ങളിൽ കുട്ടിയുടെ നില കണ്ടെത്തുന്നതിനുള്ള വൈവിധ്യമുള്ള സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ.
- ടീച്ചറുടെ സ്വയം വിലയിരുത്തൽ.
- രക്ഷിതാക്കളുടെ വിലയിരുത്തൽ.
- കുട്ടികളിലുണ്ടായ പുരോഗതി ക്ലാസ് പിടിഎ പങ്കിടൽ.
- ക്ലാസ് പിടിഎ യിൽ പങ്കിട്ട പ്രത്യേക പ്രവർത്തനങ്ങൾ (സംയുക്ത ഡയറി, രചനോത്സവം തുടങ്ങിയവ)
- കുട്ടിയുടെ പങ്കാളിത്തവും പ്രകടനവും.
- ക്ലാസ് പിടിഎ യിൽ കുട്ടികൾ നടത്തുന്ന അവതരണങ്ങൾ വിലയിരുത്തൽ.
- വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ.
- ഒന്നാം ക്ലാസ് കുട്ടികൾ അസംബ്ലി, മറ്റു പൊതുവേദികൾ എന്നിവയിൽ നടത്തുന്ന പ്രകടനങ്ങൾ ഒന്നാം ക്ലാസിലെ ഉല്പ്പന്നങ്ങൾ എന്നിവ വിലയിരുത്തൽ.
- സമൂഹത്തിന്റെ വിലയിരുത്തൽ.
- പഠനോത്സവത്തിലെ പ്രകടനങ്ങൾ വിലയിരുത്തൽ നവ മാധ്യമങ്ങളിൽ പങ്കിടുന്ന ഒന്നാം ക്ലാസ് വിശേഷങ്ങൾ വിലയിരുത്തൽ.

## ഗണിതം

1. ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും.
2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
3. സംഖ്യാബോധം, സങ്കലനം, വ്യവകലം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠന നേട്ടം ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം.

## പ്രവർത്തന വിശദാംശങ്ങൾ

ഗണിത കേളികൾ
മഞ്ചാടി സഞ്ചി
എന്റെ കുഞ്ഞു പുസ്തകം

## ഗണിതകേളികൾ

ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണഇത കേളികൾ നടത്തുക.

എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.

ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

## മഞ്ചാടി സഞ്ചി

രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി. മഞ്ചാടി സഞ്ചിയുടെ ഉപയോഗം, പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

- മഞ്ചാടി സഞ്ചിയലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നല്കുന്നു.
- മഞ്ചാടി സഞ്ചി ജൂൺ മാസം നടപ്പിലാക്കുന്നു.
  ജൂൺ മുതൽ മാർച്ച് വരെ.

## എന്റെ കുഞ്ഞു പുസ്തകം

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞു പുസ്തകം നിർമ്മിക്കുന്നു. ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നു.ജൂൺ മുതൽ മാർച്ച് വരെ.

## പരിസര പഠനം

1. കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക
2. തന്റെ പരിസരവുമായി ഇഴുകി ചേർന്ന് പഠിക്കുന്നതിന്
3. കുട്ടികൾ ശാസ്ത്രീയമായ വശങ്ങൾ മനസ്സിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
4. ശാസ്ത്ര ബോധം വളർത്തിയെടുക്കൽ.

## പ്രവർത്തന ഘട്ടങ്ങൾ

- പ്രകൃതി നടത്തം നിരീക്ഷണങ്ങൾ (മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ)
- ആൽബം നിർമ്മാണം (പക്ഷികൾ, തൂവലുകൾ, പൂക്കൾ)
- പഴങ്ങൾ - ശാസ്ത്ര പതിപ്പുകൾ
- പരിസ്ഥിതി ഗാനം ആലപിക്കൽ
- അടുക്കളത്തോട്ടം നിർമ്മാണം
- ഔഷധത്തോട്ടം നിർമ്മാണം
- സ്കൂൾ പൂന്തോട്ടം നിർമ്മാണം
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ENGLISH

### Sub Objectives

1. All learners get interested in English learning .
2. All engage in games and group level activities.
3. Listen to narratives and teacher talks and show signs of under standing verbally.
4. Able to comphrehend the instructions of the teacher and respond accordingly (Physical response)
5. Familiarise with English words denoting vehicles, animals and birds.

6. All learners are able to associate the elicted text with those in the text book.
7. Familiarise with words denoting possession (has/have).
8. Familiarise with phatic communication expressions such as, Hello, Iam sorry, Thank you, Bye etc.
9. Able to describe familiar objects orally standing physical activities such as size, colour etc.
10. Familiarise with words denoting colours and numbers (1-10)
11. Familiarise with the rhythm and patternof songs.
12. Able to add own lines to a given song by substisting words / phrases.
13. Able to read conversations, song and simple descriptions graphically.
14. Construct dialogue related to specific contexts using fragmentary expressions or mixed with mother tongue.

Activities

1. Engaging learners in English learning by using puppets to tell stories and making the session interactive by having students ask and answer questions.
2. Engaging learners in activities by playing games like “Simon Says” , “Red light, Green light” or “Duck, Duck. Goose” with an English twist to keep them engaged.
3. Helping learners listen and understand by reading short stories or playing audio clips, then asking simple queations about the content to check understanding.
4. Ensuring learners comprehend instructions by giving instructions involving physical actions, like “Touch your nose”, “Jump three times” or “Raise your hand if you have a red shirt”.
5. Familiarizing learners with vocabulary (vehicles, animals, birds) by showing pictures and having students match them with the correct English words. Additionally, playing the Animal sound Game where I make animal sounds Game where I make animal sounds and students name the animal in English.
6. Helping learners associate text with text book providing text and images from their text books and asking them to match them correctly.
7. Teaching possessive words(has/have) by having studentsbring an item from home and describe it using “has” or “have”. eg “My toy car has four wheels”.

8. Familiarizing learners with phatic communication by setting up role-playing scenaries where students greet each other, apologise, say thank you, and bid farewell using phrases like “Hello”, “Iam sorry”, “Thank You” and Bye.
9. Helping learners describe familiar object by having students draw an object and describe it using words for size and colour Eg:- ‘My ball is big and red’.
10. Familiarizing learners with the thythmand patterns of songs by using clapping patterns to help students follow along with simple songs and rhymes.
11. Familiarizing learners with colours and numbers (1-10) by using colouring pages where each number corresponds toa specific colour and incorporating counting aongs and the ehymes, like, “Ten little monkeys”.
12. Helping learners add lines to songs by taking a familiar song and encouraging students to replace words or phrases with their own ideas. Eg:- “If you are Happi and you know it”.
13. Helping learners read conversations, songs and descriptions by us ing picture books with simple sentences to encourage reading and asking students to point out and read familiar words. Additionally, using by books or interactive e-books for interactive story time to engage students in reading.
14. Helping learners construct providing scenaries and having students construct dialogues using simple sentences and expressions, mixing with their mother tongue if necessary for understanding.

By implementing these activities, Iwill help grade 1 students achieve their English learning objectives ina engaging and effective way.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 2

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്..

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന.
- ക്ലാസുകളിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

മുന്നൊരുക്കം

- പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനാ സാമഗ്രികൾ നിർമിക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.

- വീട്ടു ലൈബ്രറി ഒരുക്കൽ.
- ചിത്ര വിവരണം
- വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്തംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

  ഉദാ :- ആന

  വലിയ ആന

  കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ കവിതാ പൂരണം.
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ.(ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

അക്കാദമിക മാസ്റ്റർ പ്ലാൻ
ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്യാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ''ഉല്ലാസ ഗണിതം'' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നേപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

ജൂൺ

- 1, 2, 3, 4..................

  1, 3, 5, 7..................

  10, 20, 30, 40 .............

  5, 10, 15, 20 ...............

  2, 4, 6, 8 .......തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

  (5+5 = 10, 10+10 = 20)

ആഗസ്ത്

- വിവധ പാറ്റേണുകൾ രൂപീകരിക്കൽ

  സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100

  100 ഒന്നുകൾ ചേർന്നതാണ് 100.

  ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്തംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വില വിവര പട്ടിക തയ്യാറാക്കൽ.
- ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാപാറ്റേണുകൾ രൂകീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

  5...10...15...20...25

  ( 5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാനവില തിരിച്ചറിയൽ
  പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
- "ക്ലാസിനൊരുകളി" യിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ.
  10 രൂപ + 5 രൂപ = 15 രൂപ
  നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
- പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളിടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Academic Master Plan

English

Aim : To speak, Read & Write English without any mistakes .

Time - June, July, August

June

Pretest

To develop listening skills & reading skills first.

Listening skills

Games, Action songs Hello English activities, 2 conversations, skit stories

Use ICT.

Speaking Skills

Descriptions, Growing sentences, Picture reading, Picture descriptions, Self Introduction, Assembly activities - speech, Book review, Quiz riddles, Self introduction, Scholl radio etc.

July & August

Reading Skills

News paper reading, library books reading, book review, reading breaking news, find words, collect and read past tense, rhyming words, describing words etc Textbook activities.

Writting Skills

Make word web, picture description, word chain sentence chain, make words& sentences make riddles, conversations, Add more lines, develop story, description, notice proclamation, diary letter announcement, magazines.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 3

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടത യോടെയും അനാ യസമായി വായി ക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷക മാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മാരുടെ വായനക്കുറിപ്പു കൾ<br>സിപിടിഎ കളിൽ അവതരി പ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദി ക്കാനും എഴുതുവാ നും ഉള്ള ശേഷി വികസിപ്പിക്കുക<br><br>- അക്ഷരം തെറ്റു കൂടാതെ എഴുതു വാനുള്ള ശേഷി കൈവരിക്കൽ, വി വിധ ഭാഷാ വ്യവ ഹാരങ്ങൾ രചന നടത്തുവാനുള്ള ശേ ഷി കൈവരി ക്കൽ | ദിനാചരണങ്ങളുമായി ബന്ധ പ്പെട്ട വിവിധ വ്യവഹാര രൂപ ങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br><br>ആഗസ്ത് 6 ഹിരോഷിമ ദിനം പോസ്റ്റർ<br><br>ആഗസ്ത് 6 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br><br>ആഗസ്ത് | അധ്യാപകൻ | സി പി ടി എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 3

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്ത് 15 സ്വാതന്ത്ര്യ ദിനം<br><br>സെപ്തംബർ 5 അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്ത്<br><br>സെപ്തംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 3

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ<br>സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ | ആഗസ്ത് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>•പാറ്റേണുകൾ(ഗണിതക്ലബ്ബ്) | ആഗസ്ത് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനഃകണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | സെപ്തംബർ | അധ്യാപകൻ, കുട്ടികൾ<br>സി പി ടി എ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • മനഃകണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ<br>സി പി ടി എ | ഇല്ല |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി- മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 3

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ലബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ | ജൂൺ | അധ്യാപകൻ | പി ടി എ |
| | പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ | ആഗസ്ത് - സെപ്തംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമ്മ സേനകൾ | പി ടി എ |
| വ്യക്തി ശുചിത്വം | • കൈകഴുകൽ- പരിശീലനം<br>• പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപതംബർ - ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ കുട്ടികൾ | പി ടി എ<br>ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് - 3

## ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE - TEST<br>•Write simple work | June - July | Teacher<br>Students | P T A |
| To study, write and read simple words | Circle the word from TB and read | August-September | Teacher<br>Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I go to bath-room?<br>• Hello<br>• Hello, everyone.<br>• Good morning<br>• Goodmorning everyone<br>• Good morning class.<br>• Good afternoon everyone<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc. | August-September | Teacher<br>Students | Nil |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം IV th std

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാം കുട്ടികൾക്കും ഉറപ്പാക്കൽ | ലക്ഷ്യം നേടുന്നതിനുവേണ്ട അധിക പ്രവർത്തനങ്ങളും സാമഗ്രികളും ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, രചനാ പരിചയക്കുറിപ്പ്, വായനാക്കുറിപ്പ്, ആനുകാലിക വായന | വർഷം മുഴുവൻ | SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| **രചനാ പരിചയം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട സമാന കൃതികളും, മറ്റ് ബാല സാഹിത്യകൃതികളും വായിച്ച് കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിച്ച് പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഓർക്കാം അഭിമാനിക്കാം** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, പുസ്ത കപരിചയം, ക്വിസ്, ലഘു പ്രഭാഷണം, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
